(ഇ) ഫീസ് ഉയർത്തുന്ന കാര്യം അതാത് കൗൺസിലുകളാണ് തീരുമാനിക്കേണ്ടത്.

(എഫ്) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പിടിച്ചുകൊല്ലുന്ന പരിപാടി നിർത്തി വച്ചിരിക്കുകയാണ്. എന്നാൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം അനുസരിച്ചുള്ള നടപടികൾ ഇപ്പോഴും നടന്നുവരുന്നു.

**ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം**

**83 (839)** ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ നല്കുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനും അവയിൽ മായം ചേർത്തിട്ടുണ്ടോ എന്ന് കണ്ടു പിടിക്കാനുമുള്ള എന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ വിഷയം സംബന്ധിച്ച് എത്ര ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1954-ലെ കേന്ദ്ര ഭക്ഷ്യ മായംചേർക്കൽ നിരോധന നിയമവും ചട്ടവും അനുശാസിക്കുംപ്രകാരം സംസ്ഥാനത്ത് ഫുഡ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഫുഡ് ഇൻസ്പെക്ടറൻമാർ നിയമാനുസരണം ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ സാമ്പിൾ അതാത് പ്രദേശത്ത് പബ്ലിക് അനലിസ്റ്റ് പരിശോധിക്കുന്നു. പരിശോധനയിൽ മായംകലർന്നതാണെന്ന് തെളിയുന്ന പക്ഷം കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പം പൊതുജനങ്ങളെയും വ്യാപാരികളെയും ബോധവൽക്കരിക്കുന്നതിന് വേണ്ട നടപടിയും സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഹോട്ടലുകളിൽ നിന്ന് പരിശോധനയ്ക്ക് എടുത്ത 66 സാമ്പിളുകളിൽ 4 എണ്ണം മായംകലർന്നതായി കാണുകയും കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**റാന്നി പഴവങ്ങാടി പഞ്ചായത്തുവക ഇടമണ്ണിലുള്ള സ്ഥലം വായനശാലയ്ക്ക് വിട്ടുകൊടുക്കുന്നതിന് നടപടി**

***84 (841)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പഴവങ്ങാടി പഞ്ചായത്തുവക ഇടമണ്ണിലുള്ള സ്ഥലം അവിടെയുള്ള വായനശാലക്ക് വിട്ടുകൊടുക്കണമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ പ്രമേയം സ്ഥലം എം.എൽ.എ.യുടെ കത്തോടെ അനുമതിക്കായി എന്നാണ് സമർപ്പിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly